# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2063    22.01.2014-ൽ മറുപടിയ്ക്ക്**

**മന്ത്രിമാരുടെ ഓഫീസുകളിലെത്തുന്ന കുറ്റവാളികളുടെ ഡേറ്റാ ബാങ്ക്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ ഓഫീസുകൾ കുറ്റവാളികളുടെ താവളമായി മാറിയെന്ന് സംസ്ഥാന ഡി. ജി. പി. വിശദീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഡി.ജി.പി. വിശദീകരിച്ചിട്ടില്ല. |
| ബി) എങ്കിൽ പ്രസ്തുത പ്രസ്താവനയ്ക്ക് ആധാരമായ വിഷയങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കമോ ; | (ബി) | ബാധകമല്ല. |
| സി) ഇതോടനുബന്ധിച്ച ഡി.ജി.പി. യുടെ 7.09.2013 -ലെ ടി.5/11238/12 നമ്പർ ഉത്തരവിൽ എന്തെല്ലാം സൂചിപ്പിച്ചിട്ടുണ്ടെന്നും ഇതിൻ പ്രകാരം എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കമോ ; | (സി) | 07.09.2013-ൽ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച ടി/11238/12 നമ്പർ ഉത്തരവിൽ സെക്യൂരിറ്റി അലർട്ട് സിസ്റ്റം എന്നപേരിൽ ഒരു ഓൺലൈൻ വെബ് ആപ്ലിക്കേഷൻ നിർമ്മിക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം കുറ്റവാളികളുടെ ഡാറ്റാ ബേസ് രൂപീകരണവുമായി ബന്ധപ്പെട്ട ജോലികൾ സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ പുരോഗമിച്ചു വരികയാണ്. ഏകദേശം 1,40,000 ത്തിലധികം പേരുടെ ഡാറ്റാ ചേർത്ത് കഴിഞ്ഞു. ഡാറ്റാ വെരിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. |
| ഡി) ഇതിൻപ്രകാരം കുറ്റവാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കമോ | (ഡി) | കുറ്റവാളികളുടെ ഡാറ്റാ ബേസ് രൂപീകരണവുമായി ബന്ധപ്പെട്ട ജോലികൾ സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ പുരോഗമിച്ചു വരുന്നു. 15.01.2014 തീയതിയിലെ കണക്കനുസരിച്ച് കുറ്റവാളികളുടെ ഡാറ്റാ ബാങ്കിൽ ലഭ്യമായവരുടെ എണ്ണം 1,40,509 ആണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| ഇ) ഡാറ്റാ ബാങ്കിലുള്ളവരിൽ എത്ര പോലീസ് ഉദ്യോഗസ്ഥരാണുള്ളത് ; അവർ ആരെല്ലാം എന്ന് ജില്ല തിരിച്ച് വ്യക്തമാക്കമോ ; | (ഇ) | കുറ്റവാളികളുടെ ഡാറ്റാ ബേസ് പൂർണ്ണമല്ലാത്തതിനാൽ ഇതിന്റെ വെരിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. അതിനാൽ പോലീസ് ഉദ്യോഗസ്ഥരുടെ വിവരം ലഭ്യമല്ല. |
| എഫ്) ഡാറ്റാ ബാങ്ക് പ്രകാരം സോളാർ തട്ടിപ്പുൾപ്പെടെ സംസ്ഥാനത്ത് നടന്ന വിവിധയിനം തട്ടിപ്പിൽ പങ്കാളികളായ എത്ര ക്രിമിനലുകൾ മുഖ്യമന്ത്രിയുടെ ഓഫീസ് ഉൾപ്പെടെ വിവിധ മന്ത്രി ഓഫീസുകളിൽ എത്തിയിട്ടുണ്ട് ; അവർ ആരെല്ലാമെന്ന് വ്യക്തമാക്കമോ; | (എഫ്) | കുറ്റവാളികളുടെ ഡാറ്റാ ബേസ് പൂർണ്ണമല്ലാത്തതിനാൽ ഇതിന്റെ വെരിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. അതിനാൽ പോലീസ് ഉദ്യോഗസ്ഥരുടെ വിവരം ലഭ്യമല്ല. |

| | | |
|---|---|---|
| ജി) | ഡാറ്റാ ബാങ്ക് തയ്യാറാക്കിയശേഷം അതിന്റെ ലോഗ് ഇൻ ഐഡിയും പാസ്‌വേഡും ആഭ്യന്തര വകുപ്പിന് കൈമാറാതെ മുഖ്യമന്ത്രിയുടെ ഓഫീസിൽ കൈമാറാൻ നിർദ്ദേശിച്ചതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ; | (ജി) ഇത്തരത്തിൽ ഒരു നിർദ്ദേശം നൽകിയിട്ടില്ല. |
| എച്ച്) | മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ഓഫീസുകളിലെത്തുന്ന ക്രിമിനലുകളെക്കുറിച്ച് പ്രസ്തുത ഓഫീസുകളിലെ സുരക്ഷാ ഉദ്യോഗസ്ഥർ എന്തെങ്കിലും റിപ്പോർട്ടുകൾ ആഭ്യന്തര വകുപ്പിന് നാളിതുവരെ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (എച്ച്) ഇല്ല. |

സെക്ഷൻ ഓഫീസർ